പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1747 25.03.2013- ൽ മറുപടിക്ക്

## സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിന്റെ അംഗീകാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഓൾ ഇന്ത്യ (ബോംബെ ) ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ കീഴിൽ നടത്തിയിരുന്ന സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് കേരള സർക്കാരിന്റെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ ; | എ)<br>ബി)<br>സി)<br>&<br>ഡി) | ഇല്ല.<br>8.7.2008-ലെ സ.ഉ.(അച്ച)നം.344/ 2008/ആ.കു.വ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള യോഗ്യത ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ആയതിനാൽ സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് അംഗീകരിക്കുവാൻ കഴിയില്ല. |
| ബി) | എങ്കിൽ 2013-ലെ പി.എസ്.സി വിജ്ഞാപന പ്രകാരമുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള യോഗ്യത പരിഗണിച്ചിട്ടുണ്ടോ ; | | |
| സി) | പ്രസ്തുത കോഴ്സിന് നിലവിൽ അംഗീകാരമുണ്ടോ ; വിശദാംശം നൽകുമോ; | | |
| ഡി) | ഇല്ലെങ്കിൽ, പ്രസ്തുത കോഴ്സിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ